"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ)വകുപ്പ്**

**സ.ഉ.(സാധാ) നം.1151/2019/പ.ജ.പ.വ.വി.വ** തീയതി,തിരുവനന്തപുരം, 23/10/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം.1274/2018/പജ.പവ.വിവ, തീയതി 27/12/2018

2 സ.ഉ.(കൈ)നം.34/2018/തസ്വഭവ, തീയതി 16/03/2018

3 പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 04/01/2019

തീയതിയിലെ എ2/847/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായും വിദൂരസ്ഥിത സങ്കേതങ്ങളിലെ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് 6 ലക്ഷം രൂപയായും നിശ്ചയിച്ചും അവ ലൈഫ് മിഷൻ മുഖേന വീടുകൾ പൂർത്തികരിക്കുന്നതിനായി/നിർമ്മാണത്തിനായി തുക അനുവദിക്കുന്ന നിരക്കിൽ അനുവദിക്കുന്നതിനും പരാമർശം (1)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം വിദൂരസ്ഥിത സങ്കേതങ്ങളെ തരംതിരിച്ച് ധനസഹായം നൽകുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുണ്ടെന്ന് ഫീൽഡ് തലത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, മൊത്തം കുടുംബങ്ങളുടെ 9 3 % പട്ടികവർഗ്ഗ കുടുംബങ്ങളും പട്ടികവർഗ്ഗ സങ്കേതങ്ങളിലും, അതീവ ദുർഘട പ്രദേശങ്ങളിലും, ഒറ്റപ്പെട്ട ദുർഘട പ്രദേശങ്ങളിലും കഴിയുന്നവരാണെന്നും, നഗരപ്രദേശങ്ങളിലും, സങ്കേതങ്ങൾക്ക് പുറത്തുമായി കഴിയുന്ന കുടുംബങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ഇവരുടെ ജീവിത സാഹചര്യങ്ങളും പട്ടികവർഗ്ഗക്കാരുടെ

പൊതുവായ സ്വഭാവ രീതികളും വലിയ അന്തരമൊന്നുമില്ലെന്നും അതിനാൽ പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 6 ലക്ഷമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അപ്രകാരം വർദ്ധിപ്പിക്കുമ്പോൾ പരാമർശം ( 2 ) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം 5 ഗഡുക്കളായി ധനസഹായം നൽകുന്നതിനും, നിലവിൽ പൂർത്തിയായ സ്റ്റേജിന്റെ അടിസ്ഥാനത്തിൽ തുടർഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി അനുവദിക്കുന്നതിനുള്ള അനുമതിയും ആവശ്യമാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17, 2017-18 വർഷങ്ങളിൽ പട്ടിക വർഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേന അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ വീടുകളുടെ തുടർ ഗഡുക്കൾ പരാമർശം 2 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം ലൈഫ് മിഷൻ മുഖേന അനുവദിക്കുന്ന നിരക്കിൽ നിലവിൽ പൂർത്തിയായ സ്റ്റേജിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിന്ദു തങ്കച്ചി.എം.കെ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
5. തദ്ദേശസ്വയംഭരണ വകുപ്പ്
6. ധനകാര്യ വകുപ്പ് (WW-WW3/123/2018-FIN DATED: 14/03/2019)
7. ഐ & പി.ആർ.ഡി (വെബ് & ന്യൂമീഡിയ)

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by MANOJ P
Date: 2019.10.25 12:31:10 IST
Reason: Approved

സെക്ഷൻ ഓഫീസർ